വാങ്ങുന്ന വൈദ്യുതിയുടെ വിലകൂടുതലും, ഉൽപാദനപ്രസരണവിതരണ രംഗത്ത് ചെയ്യേണ്ട അറ്റുകുറ്റപ്പണികളുടെ ചെലവിന്റെ വർദ്ധനയും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുവാങ്ങുന്ന വായ്പയുടെ പലിശ എന്നിവകൊണ്ടും ഉൽപാദന-പ്രസരണ-വിതരണ ചെലവിൽ വന്ന വർദ്ധന കൊണ്ടുമാണ് വൈദ്യുത നിരക്ക് വർദ്ധിപ്പിക്കാൻ ഇടയായത്.

(ഇ) അനുബന്ധം -3-ൽ കൊടുത്തിട്ടുണ്ട്.*

(എഫ്) അനുബന്ധം -4-ൽ കൊടുത്തിട്ടുണ്ട്.*

വൈദ്യുതി ബോർഡിൽ പി.എസ്.സി. റാങ്കു ലിസ്റ്റുകളിൽ നിന്നുള്ള നിയമനം

83 (235) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽ നിന്ന് വിരമിച്ചവരും താൽക്കാലികമായി നിയമിച്ചവരുമായ എത്രപേർ ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിന്റെ സർവ്വീസിലുണ്ട് ;

(ബി) ഇവരെ പിരിച്ചുവിട്ട് തൽസ്ഥാനങ്ങളിൽ പി. എസ്. സി. യുടെ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) വൈദ്യുതി ബോർഡിൽ നിയമനത്തിനുള്ള എത്ര റാങ്ക് ലിസ്റ്റുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അവ നിലവിൽ വന്നതെന്നാണ് ; കാലാവധി തീരുന്നത് എന്നാണ് ;

(ഇ) ഈ ലിസ്റ്റുകളിൽ നിന്നും ഇതുവരെ എത്രപേരെ വീതം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സർവ്വീസിൽ നിന്നും വിരമിച്ച, താൽക്കാലികമായി ബോർഡിൽ ജോലി നോക്കുന്ന 83 പേർ ഇപ്പോൾ ബോർഡിന്റെ സർവ്വീസിലുണ്ട്. അംഗീകൃത തസ്തികകളിൽ ജീവനക്കാരുടെ അഭാവവും ചില തസ്തികൾക്ക് റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതുമാണ് ഇവരെ പിരിച്ചു വിടാത്തതിന്റെ കാരണം.

(സി) അസി: എഞ്ചിനീയർ (ഇലക്ട്രിക്കൽ), സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ എന്നിവയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അസി: എഞ്ചിനീയർ (ഇല.) :- 26-6-1997 മുതൽ 25-6-2000 വരെ (മൂന്നുവർഷം)

സബ് എഞ്ചിനീയർ (ഇല.) :- 8-2-1999 മുതൽ 7-2-2002 വരെ (മൂന്നുവർഷം)

ജൂനിയർ അസിസ്റ്റന്റ് /കാഷ്യർ :- 6-4-1998 മുതൽ 5-4-2001 വരെ (മൂന്നു വർഷം)

(ഇ) അസി: എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 643 പേരെയും, സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 315 പേരെയും, ജൂനിയർ അസിസ്റ്റന്റ് /കാഷ്യർ തസ്തികയിൽ 1064 പേരെയും നിയമിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡിന് നൽകിയ വായ്പയും ഗ്രാന്റും

84 (236) ശ്രീ. ഇ. എം. അഗസ്തി :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വൈദ്യുതി ബോർഡിന് വായ്പയും ഗ്രാന്റും നൽകുന്നതിനായി എന്ത് തുക വീതം നീക്കിവച്ചു ;

(ബി) ഇതിൽ എന്തു തുക വീതം നൽകി ;

(സി) ഈ കാലത്ത് ഓരോ വർഷവും ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ എന്ത് തുക ബോർഡ് പിരിച്ചെടുത്തു ;

(ഡി) ഇതിൽ എന്തു തുക വീതം ഗവൺമെന്റിലേയ്ക്കടച്ചു ;

(ഇ) ഇക്കാലത്ത് ഓരോ വർഷവും വൈദ്യുതി വികസനത്തിനായി കേന്ദ്രത്തിൽ നിന്നും എന്ത് തുക വീതം സംസ്ഥാനത്തിന് ഗ്രാന്റായി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ബഡ്ജറ്റിൽ വായ്പായിനത്തിൽ വൈദ്യുതി ബോർഡിനായി നീക്കിവച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	വായ്പ
1995-96	81.05 കോടി രൂപ
1996-97	81.05 "
1997-98	211.05 "
1998-99	124.65 "
1999-2000	11.05 "
2000-2002	ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly